ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# സ്വർഗത്തിലെ നിധി

وَعَنْ أَبِي مُوسَى الْأَشْعَرِيّ قَالَ: قَالَ لِي رَسُولُ اللَّهِ صلَّى اللَّهُ عليْهِ وسلَّم : يَا عَبْدَاللَّهِ بْنَ قَيْسٍ، أَلَا أَدُلُّكَ عَلَى كَنْزٍ مِنْ كُنُوزِ الْجَنَّةِ؟ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ. (مُتَّفَقٌ عَلَيْهِ)

**അബൂമൂസൽ അശ്അരി (റ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ (സ) എന്നോട് ചോദിച്ചു: 'ഓ, അബ്ദുല്ലാഹിബ്നു ഖൈസ്. സ്വർഗത്തിന്റെ നിധികളിൽ ഒന്നിനെക്കുറിച്ച് ഞാൻ താങ്കളെ അറിയിക്കട്ടെയോ? لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ (ഹൗലും ഖുവ്വതും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല) എന്ന വാക്യമാണത്.' (ബുഖാരി, മുസ്‌ലിം)**

മനുഷ്യൻ വലിയ മറവിക്കാരനാണ്. താൻ ആരാണ്? എവിടെയാണ്? എവിടെ നിന്നാണ് വരുന്നത്? എവിടേക്കാണ് പോവേണ്ടത്? ആരാണ് തന്നെ നിയന്ത്രിക്കുന്നത്? ആരാണ് തന്റെ കാര്യങ്ങളിലെല്ലാം തീരുമാനമെടുക്കുന്നത്? ഈ സുപ്രധാന വിഷയങ്ങൾ പോലും പൈശാചിക പ്രേരണയാൽ അവൻ വിസ്മരിക്കുന്നു. ഒരിക്കലും മറന്നു പോവാൻ പാടില്ലാത്ത ഇത്തരം കാര്യങ്ങൾ അവനെ ഓർമിപ്പിക്കാനാണ് ഇസ്‌ലാം ദിക്‌റുകൾ പുണ്യമാക്കിയിട്ടുള്ളത്. അക്കൂട്ടത്തിലെ പ്രധാന ദിക്‌റാണ് ഈ ഹദീസിൽ പരിചയപ്പെടുത്തുന്നത്.

يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ (മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതരാണ്. അല്ലാഹുവോ സ്വയം പര്യാപ്തനും സ്തുത്യർഹനും - 35:15) എന്ന ഖുർആൻ വാക്യമാണ് ഈ ദിക്‌റിന്റെ ഏറ്റവും നല്ല വിശദീകരണം.

ഈ ദിക്‌റിലെ ഹൗൽ (حَوْل), ഖുവ്വത് (قُوَّة) എന്നീ പദങ്ങളുടെ ആശയത്തെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ ധാരാളം ചർച്ച നടന്നിട്ടുണ്ട്. ഇമാം നവവി എഴുതി: 'അബുൽ ഹൈസം പറഞ്ഞതായി അൽ ഹറവി പറഞ്ഞു: 'ചലനമാണ് ഹൗൽ. 'ലാ ഹൗല' എന്നാൽ അല്ലാഹുവിന്റെ തീരുമാന പ്രകാരമല്ലാതെ ഒന്നനങ്ങാൻ പോലും ഒരാൾക്കും സാധ്യമല്ല എന്നാണ്.'

ലാ ഹൗല എന്നാൽ ഉപദ്രവത്തെ അകറ്റാനാവില്ല എന്നും വലാ ഖുവ്വത എന്നാൽ ഉപകാരങ്ങൾ നേടിയെടുക്കാനാവില്ല എന്നുമാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

ഇബ്നു മസ്ഊദ് (റ) പറഞ്ഞു: 'അല്ലാഹു നൽകുന്ന പരിച കൊണ്ടല്ലാതെ പാപത്തെയകറ്റാൻ സാധ്യമല്ല എന്നാണ് لَا حَوْلَ-യുടെ വിവക്ഷ. അവന്റെ സഹായം കൊണ്ടല്ലാതെ അവനെ അനുസരിക്കാനും സാധ്യമല്ല എന്നാണ് وَلَا قُوَّةَ-യുടെ പൊരുൾ' (*ശറഹു മുസ്‌ലിം*)

ഇമാം ത്വഹാവി (റ) എഴുതി: 'സാധ്യമായതല്ലാതെ അല്ലാഹു ആരോടും അനുശാസിക്കുകയില്ല; അവൻ അനുശാസിച്ചതിനല്ലാതെ ഒരാൾക്കും സാധിക്കുകയുമില്ല. ഇതാണ് لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ-യുടെ പൊരുൾ.'

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ പറഞ്ഞു: 'حول എന്നാൽ ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റമാണ്. قوة എന്നാൽ സമ്പൂർണ ശക്തി എന്നുമാണ്. നിർജീവവും നിശ്ചലവുമായ വസ്തുക്കളുടെ ശക്തിയും القوة-ൽ ഉൾപ്പെടുന്നു. എന്നാൽ القدرة-ൽ ഇത് ഉൾപ്പെടുകയില്ല.

لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ എന്നാൽ അല്ലാഹുവിനെക്കൂടാതെ ഒരാൾക്കും ഒരു ശക്തിയും ശേഷിയുമില്ല എന്നാണ്' (*മജ്മൂഉൽ ഫതാവാ*).

ഈ വാക്യത്തിന്റെ പൊരുളിനെ ഇപ്രകാരം മനസ്സിലാക്കാം: അല്ലാഹുവിനെക്കൂടാതെ പ്രപഞ്ചത്തിലുള്ള ഒരു വസ്തുവിനും ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് മാറുന്നതിനോ ചലിക്കുന്നതിനോ ഒരു ശക്തിയും കഴിവുമില്ല. ഇതിന് വിശ്വാസിയുടെ ജീവിതത്തിൽ വളരെയധികം സ്വാധീനങ്ങളുണ്ട്.

ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: 'ദുഃഖത്തിന്റെയും ഖേദത്തിന്റെയും ആധിയകറ്റുവാൻ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ എന്ന വചനത്തിന് വലിയ സ്വാധീനമുണ്ട്. സമ്പൂർണ സമർപ്പണമാണത്. ശക്തിയും കഴിവും അല്ലാഹുവിന് മാത്രമാണെന്ന പ്രഖ്യാപനമാണത്. എല്ലാ കാര്യങ്ങളും അല്ലാഹുവിൽ മാത്രം അർപ്പിക്കുന്നു. അല്ലാഹുവാണ് എല്ലാം തീരുമാനിക്കുന്നത് എന്നതിൽ സന്ദേഹമില്ല. പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ അറിവോടെയാണ്. പിശാചിനെ ആട്ടിയകറ്റുന്നതിൽ ഈ വാക്കിന് വലിയ പങ്കുണ്ട്' (*സാദുൽ മആദ്*).

തൗഹീദിന്റെ പ്രഖ്യാപനമാണ് ഈ വചനം. അല്ലാഹുവാണ് സകലതും നിയന്ത്രിക്കുന്നതെന്നും അവന്റെ കരങ്ങളാലാണ് എല്ലാം നടപ്പാക്കപ്പെടുന്നതെന്നുമുള്ള ദൃഢബോധ്യം മനസ്സിലുറപ്പിക്കുവാൻ ഈ ദിക്ർ സഹായകമാവുന്നു.

അനസുബ്നു മാലികി(റ)ൽ നിന്ന്. നബി(സ) പറഞ്ഞു: 'ഒരാൾ വീട്ടിൽ നിന്ന് പുറപ്പെട്ടപ്പോൾ
بِسْمِ اللهِ وَتَوَكَّلْتُ عَلَى اللهِ لاَ حَوْلَ وَلَا قُوَّةَ إِلاَّ بِاللهِ എന്ന് ചൊല്ലിയാൽ അവനോട് ഇപ്രകാരം പറയപ്പെടും: 'നിനക്കിത് മതി, നീ എല്ലാം തികച്ചിരിക്കുന്നു. നേർമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു. സകലതും പൂർത്തീകരിച്ചിരിക്കുന്നു.

അപ്പോൾ പിശാചുക്കൾ മാറിനിൽക്കും. ഒരു ശൈത്വാൻ ഇപ്രകാരം പറയും: 'നേർമാർഗത്തിലും, തികഞ്ഞവനും സു

രക്ഷിതനുമായ ഒരാളെ ഇനി എങ്ങനെ വഴിതെറ്റിക്കാനാവും?!' (അബൂദാവൂദ്)

അതുകൊണ്ട് തന്നെ ഈ വചനത്തിന്റെ പൊരുൾ ഹൃദയത്തിൽ പതിഞ്ഞവന് സ്വർഗപ്രവേശം നബി (സ) ഉറപ്പ് നൽകി.

ഖൈസുബ്നു സഅ്ദിബ്നി ഉബാദ (റ) പറയുന്നു: 'ഒരിക്കൽ പിതാവ് എന്നെ പ്രവാചകന് ഖിദ്മത് ചെയ്യാനായി പറഞ്ഞയച്ചു. നമസ്കാരം കഴിഞ്ഞിരിക്കുമ്പോൾ നബി (സ) എന്റെയരികിലൂടെ നടന്നു പോകവെ കാല് കൊണ്ട് തടവി ചോദിച്ചു: 'സ്വർഗ കവാടങ്ങളിൽ ഒന്നിനെക്കുറിച്ച് ഞാൻ നിന്നെ അറിയിക്കട്ടെ.'

'അതെ.'

റസൂൽ അരുളി: لا حول ولا قوة إلا بالله (തിർമിദി).

പാപങ്ങൾ പൊറുക്കുവാനും ഈ വചനം കാരണമാവുന്നു. റസൂൽ (സ) പറഞ്ഞു:

لا إله إلا الله والله أكبر ولاَ حَوْلَ وَلَا قُوَّةَ إلاَّ بِاللهِ എന്ന വാക്ക് ഭൂമുഖത്തുള്ള ആരെങ്കിലും ചൊല്ലിയാൽ അവന്റെ സകല പാപങ്ങളും പൊറുത്ത് കൊടുക്കുന്നതാണ്. അത് സമുദ്രത്തിന്റെ പതയുടെയത്രയാണെങ്കിലും' (തിർമിദി).

ഇതിന്റെ സന്ദേശവും പൊരുളും മനസ്സിൽ വേരുറക്കുന്നതോടെ മാനസികവും ശാരീരികവുമായ രോഗങ്ങളുടെ ശമനം സാധ്യമാവുമെന്നും നബി(സ) പഠിപ്പിക്കുന്നു:

റസൂൽ പറഞ്ഞു: 'ആരെങ്കിലും لاَ حَوْلَ وَلَا قُوَّةَ إلاَّ بِاللهِ എന്ന് പറഞ്ഞാൽ 99 രോഗങ്ങൾക്ക് അത് മരുന്നാണ്. ദുഃഖമാണതിലെ ചെറുത്' (അൽ ഹാകിം).

അല്ലാഹുവിന്റെ കഴിവിനെയും ശക്തിയെയും അംഗീകരിക്കുന്നവരെ അവൻ അനുഗ്രഹിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

റസൂൽ അരുളി: 'ആരെങ്കിലും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നിലനിൽക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ لاَ حَوْلَ وَلَا قُوَّةَ إلاَّ بِاللهِ കൂടുതൽ അധികരിപ്പിക്കട്ടെ' (ത്വബ്റാനി).

അബൂ അയ്യൂബൽ അൻസ്വാരി (റ) പറയുന്നു: അല്ലാഹുവിന്റെ റസൂൽ (സ) വാനയാത്രയുടെ രാത്രിയിൽ ഇബ്റാഹീം നബി (അ)യുടെ അരികിലൂടെ നടന്നപ്പോൾ അദ്ദേഹം ചോദിച്ചു:

'ജിബ്രീൽ, കൂടെയാരാണ്?'

'കൂടെ മുഹമ്മദാണ്.'

'ഓ മുഹമ്മദ്, താങ്കളുടെ ഉമ്മത്തിനോട് സ്വർഗത്തിലെ കൃഷി അധികരിപ്പിക്കാൻ ആവശ്യപ്പെടുക.

അവിടത്തെ മണ്ണ് ഫലഭൂയിഷ്ഠമാണ്. നിലം വിശാലവുമാണ്.'

'എന്താണ് സ്വർഗത്തിലെ കൃഷി?' നബി ചോദിച്ചു.

لاَ حَوْلَ وَلَا قُوَّةَ إلاَّ بِاللهِ എന്നായിരുന്നു ഇബ്റാഹീം നബിയുടെ മറുപടി (ഇമാം അഹ്മദ്).

അലി (റ) പറഞ്ഞു: 'ഈ വചനത്തിന്റെ ആശയമിതാണ്: അല്ലാഹുവോടൊപ്പം നാമൊന്നും അധീനപ്പെടുത്തുന്നില്ല. അവൻ നൽകിയതല്ലാത്ത മറ്റൊരധികാരവും നമുക്കൊന്നിലുമില്ല. നമ്മുടെ അധികാരത്തിലുള്ളതിനെക്കാൾ അവന് അധികാരമുള്ളതേ നാം അധീനപ്പെടുത്തുന്നുള്ളൂ' (*അൽ ഫുതൂഹാതുർറബ്ബാനിയ്യ*).

لا حول ولا قوة إلاّ بالله എന്നതിന്റെ വിശദീകരണത്തിൽ സുഹൈറുബ്നു മുഹമ്മദ് പറഞ്ഞു:

'ഇഷ്ടമുള്ളത് എടുക്കാൻ അല്ലാഹുവിന്റെ തീരുമാനമില്ലാതെ സാധ്യമല്ല. അനിഷ്ടമായത് അകറ്റാനും അല്ലാഹുവിന്റെ സഹായമില്ലാതെ സാധ്യമല്ല' (സുയൂതി, *അദ്ദുർറുൽ മൻസൂർ*).

വിപത്തുകളുണ്ടാവുമ്പോൾ മാത്രം ഉച്ചരിക്കേണ്ട വചനമല്ല ഈ ദിക്ർ. വിപത്തുകളുടെ സന്ദർഭത്തിൽ വിശുദ്ധ ഖുർആൻ പഠിപ്പിച്ച പ്രാർഥന انا لله و انا اليه راجعون എന്നാണ്.

ജീവിതത്തിലുടനീളം നാവിലും മനസ്സിലും ഈ വചനമുണ്ടാവണമെന്നാണ് പ്രവാചകന്റെ അധ്യാപനം. ●

94976 62911